പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1685 14/07/2016-ൽ മറുപടിക്ക്

# കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

ചോദ്യം

ശ്രീ. ജോർജ്.എം.തോമസ്.

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(എ) കോഴിക്കോട് ജില്ലയിൽനിർമ്മാണം പൂർത്തിയാക്കി വൈദ്യുത ഉല്പാദനം നടക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. ചെമ്പുക്കടവ് -I | 2.7 MW |
| 2. ചെമ്പുക്കടവ് - II | 3.75 MW |
| 3. ഉറുമി - I | 3.75 MW |
| 4. ഉറുമി - II | 2.4 MW |
| 5. കുറ്റ്യാടി ടെയിൽറേസ് | 3.75 MW |
| 6. പൂഴിത്തോട് | 4.8 MW |
| 7. വിലങ്ങാട് | 7.5 MW |

കെ.എസ്.ഇ.ബി. ഏറ്റെടുത്ത് നിർമ്മാണം നടന്നുവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. ചാത്തൻകോട്ടു നട -II | 6 MW |
| 2. കക്കയം | 3 MW |

(ബി) പ്രസ്തുത ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന മിനി ഹൈഡൽ പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചാത്തൻകോട്ടു നട-II ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 20.73 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ബാക്കി നിർമ്മാണ പ്രവൃത്തികൾ കരാറുകാർ പിൻവാങ്ങിയതിനാൽ തടസ്സപ്പെട്ടിരിക്കുകയാണ്.

മൂന്ന് മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 67 ശതമാനം പണികൾ പൂർത്തിയായി. പദ്ധതിയുടെ തടയണ, കനാൽ, ഫോർബേടാങ്ക് മുതലായ ഘടകങ്ങൾ പൂർത്തിയായി. പവർഹൗസിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്തെ കനത്ത മഴമൂലം നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്നും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വിശദമാക്കാമോ?

(സി) ഭരണാനുമതി ലഭിച്ച താഴെ പറയുന്ന പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു

| | |
|---|---|
| 1. പെരുവണ്ണാമൂഴി | 6 മെഗാവാട്ട് |
| 2. ഒലിക്കൽ | 5 മെഗാവാട്ട് |
| 3. പൂവാരംതോട് | 3 മെഗാവാട്ട് |
| 4. ചെമ്പുകടവ് III | 7.5 മെഗാവാട്ട് |
| 5. മരിപ്പുഴ | 6 മെഗാവാട്ട് |

മേൽപ്പറഞ്ഞ പദ്ധതികളിൽ പെരുവണ്ണാമൂഴി, ഒലിക്കൽ, പൂവാരംതോട്, ചെമ്പുകടവ് III എന്നീ പദ്ധതികൾ 2019 ലും, മരിപ്പുഴ – 2021 ലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ